LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലയിലെ എൽ. ഡി. ടൈപ്പിസ്റ്റ് ഒഴിവുകൾ

29 [29] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വിവിധ വകുപ്പുകളിലായി എൽ. ഡി. ടൈപ്പിസ്റ്റുമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത് എന്ന് അറിയിക്കാമോ;

(ബി) 25-5-2001-ന് പ്രസിദ്ധീകരിച്ച ഈ തസ്തികയിലേയ്ക്കുള്ള പി. എസ്.സി. ലിസ്റ്റിൽ നിന്നും ഇതേവരെ എത്രപേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) പി. എസ്. സി.-യിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

പോലീസ് സ്റ്റേഷൻ പരിധി നിർണ്ണയത്തിലെ അപാകത

30 [30] ശ്രീ. യു. സി. രാമൻ:

,, സി. ടി. അഹമ്മദ് അലി:

,, പി. കെ. കെ. ബാവ:

,, കളത്തിൽ അബ്ദുള്ള:

.. നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സ്റ്റേഷൻ പരിധി നിർണ്ണയിച്ചതിൽ അശാസ്ത്രീയത നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് പോലീസ് സ്റ്റേഷൻ പരിധി ശാസ്ത്രീയമായി പുനർനിർണ്ണയം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇതിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത് എന്നത്തേക്ക് പ്രാവർത്തികമാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി—ഡി) ബാധകമല്ല.

പോലീസ് അതിക്രമങ്ങളെത്തുടർന്നുള്ള കേസുകൾ

31 [31] ശ്രീ. കെ. പി. രാജേന്ദ്രൻ:

,, പി. എസ്. സുപാൽ:

,, എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര പോലീസ് അതിക്രമങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) ഇതിൽ മാധ്യമപ്രവർത്തകർക്കുനേരെ ഉണ്ടായ അതിക്രമങ്ങൾ എത്രയെന്ന് വെളിപ്പെടുത്താമോ;

(സി) ഈ സംഭവങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) ഇതിൽ പോലീസുകാർ പ്രതിയായ കേസുകൾ എത്ര;

(ഇ) പോലീസുകാർ പ്രതിയായിട്ടുള്ള കേസുകളിൽ എത്രപേർക്കെതിരെ ഡിപ്പാർട്ട്മെന്റ് തലത്തിൽ നടപടികളുണ്ടായിയെന്ന് വെളിപ്പെടുത്തുമോ;

(എഫ്) മാധ്യമ പ്രവർത്തകരുമായി ബന്ധപ്പെട്ട അതിക്രമങ്ങളെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ജി) എങ്കിൽ ഈ അന്വേഷണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(എച്ച്) മാധ്യമപ്രവർത്തകർക്ക് സ്വതന്ത്രമായും നിർഭയമായും ജോലി ചെയ്യുന്നതിനാവശ്യമായ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഐ) കരിപ്പൂർ വിമാനത്താവളത്തിൽ പത്രപ്രവർത്തകർക്കുനേരെയുണ്ടായ അതിക്രമങ്ങളെക്കുറിച്ച് അഡീഷണൽ ഡി. ജി. പി.-യുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പോലീസ് അതിക്രമങ്ങൾ ഉണ്ടായിട്ടില്ല.

(ബി—ഇ) (എ)-യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

(എഫ് ആന്റ് ജി) ജുഡീഷ്യൽ അന്വേഷണം നടത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(എച്ച്) മാധ്യമപ്രവർത്തകർക്ക് നേരെയുള്ള ആക്രമണം തടയുന്നതിന് ആവശ്യമായ കർശന നിയമനടപടികൾ സ്വീകരിക്കുകയും മാധ്യമപ്രവർത്തകർക്ക് ആവശ്യമായ സംരക്ഷണം പോലീസ് നൽകുകയും ചെയ്തുവരുന്നുണ്ട്.

(ഐ) ഉണ്ട്. 2004 നവംബർ ഒന്നാം തീയതി കരിപ്പൂർ വിമാനത്താവളത്തിൽ അന്നത്തെ വ്യവസായ മന്ത്രിയെ സ്വീകരിക്കുന്നതിനും അനുഭാവം അറിയിക്കുന്നതിനും ധാരാളംപേർ എത്തുമെന്ന് അറിയാമായിരുന്നു. എന്നും മാധ്യമപ്രവർത്തകർക്ക് നേരെ ഉണ്ടായേക്കാവുന്ന ആക്രമണം മുന്നിൽകണ്ട് ആവശ്യമായ നടപടി പോലീസ് സുപ്രണ്ട് സ്വീകരിക്കേണ്ടതായിരുന്നുഎന്നും പ്രസ്തുത സാഹചര്യത്തിൽ ഏർപ്പെടുത്തിയിരുന്ന സുരക്ഷാ സംവിധാനവും മേൽനോട്ടവും തൃപ്തികരമായിരുന്നില്ല എന്നുമാണ് റിപ്പോർട്ട്.

ചോദ്യം നമ്പർ 32-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly